സ്വാമിശരണം

തിരുവിതാംകൂർദേവസ്വംബോർഡ്

# മുണ്ടക്കയം ഗ്രൂപ്പിൽപ്പെട്ട എരുമേലി ദേവസ്വത്തിലെ കൊല്ലവർഷം 1200-ാം ആണ്ടത്തെ (2024-2025) മണ്ഡലം മകരവിളക്ക്, മേടവിഷു, മാസപൂജ അടിയന്തിരങ്ങളോടനുബന്ധിച്ച് ഏർപ്പെടുത്തേണ്ട കുത്തകകളുടെ ഇ-ടെന്റർ പരസ്യം

**ആർ..ഒ.സി. നമ്പർ 176/2024/EMLY/LELAM**

## പൊതുനിബന്ധനകൾ

ടെന്റർ നിബന്ധനകൾക്കൊപ്പം ടെന്റർ ചെയ്യുന്ന ഇനങ്ങളുടെ വിശദവിവരം കാണിക്കുന്ന ഷെഡ്യൂൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.travancoredevaswomboard.org എന്ന വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ച ശേഷം http:/etenders.kerala.gov.in എന്ന ടെന്റർ സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഇ-ടോക്കൺ ഉപയോഗിച്ച് ഡിജിറ്റൽ സിഗ്നേച്ചർ നടത്തേണ്ടതുമാണ്. ഇ-ടോക്കണുകൾ SIFY/TCS/ncode തുടങ്ങിയ കേന്ദ്രങ്ങളിൽനിന്നും ലഭ്യമാക്കേണ്ടതാണ്. ടെന്ററുകൾ ശ്രദ്ധാപൂർവ്വം ക്വോട്ടുചെയ്യേണ്ടതുക നിയമാനുസൃതം ക്വോട്ട് ചെയ്ത് ഓൺലൈനായി അയക്കേണ്ടതും തുക രേഖപ്പെടുത്താത്ത സാഹചര്യം ഉണ്ടായാൽ ആയതിന് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി ആയിരിക്കുന്നതുമല്ല. ടെന്റർ സമർപ്പിക്കുന്നവർ (ഇ-ടെന്റർ / ഓപ്പൺ ടെന്റർ) ആധാർ കാർഡിന്റെ പകർപ്പ്, പാൻകാർഡിന്റെ പകർപ്പ്, ഫോൺ നമ്പർ, ഇൻകംടാക്സ് റിട്ടേൺ വിവരങ്ങൾ (2022-2023 സാമ്പത്തിക വർഷത്തെ ഇൻകംടാക്സ് റിട്ടേൺ ഫയൽ ചെയ്തതിന്റെ കോപ്പി) 5 ലക്ഷം രൂപാവരെയുള്ള കുത്തക ഇനങ്ങൾക്ക് ബാധകമല്ല. എ, ബി കാറ്റഗറിയിൽപ്പെട്ട ഇനങ്ങൾക്ക് (20 ലക്ഷത്തിന് മുകളിലുള്ള ഇനങ്ങൾക്ക്) ജി.എസ്.ടി. രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കോപ്പി നിർബന്ധമായും സമർപ്പിക്കേണ്ടതുമാണ്. കൂടാതെ സ്വന്തം പേരിൽ വസ്തു ഉണ്ടെന്ന് തെളിയിക്കുന്ന തന്നാണ്ട് കരം ഒടുക്കുവരുത്തിയ രസീതിന്റെ പകർപ്പും കൈവശാവകാശ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതുമാണ്. മുൻ കുടിശ്ശികക്കാരെയും ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെട്ടവരെയും ടെന്ററിലോ ലേലത്തിലോ പങ്കെടുപ്പിക്കുന്നതല്ല.

2. കോവിഡ് 19 നിയന്ത്രണ മാനദണ്ഡങ്ങൾ നിലനിൽക്കുന്ന പക്ഷം റവന്യു / ആരോഗ്യ / പോലീസ് / തദ്ദേശസ്വയംഭരണ വകുപ്പുകളുടെ അതാതു സമയത്തുള്ള അണുനശീകരണമുൾപ്പെടെയുള്ള നിർദ്ദേശങ്ങളും ഉത്തരവുകളും കരാറുകാരൻ / തൊഴിലാളികൾ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും നിറവേറ്റാൻ ബാദ്ധ്യസ്ഥരാണ്. ഇതിൽ വീഴ്ചവരുത്തുന്ന പക്ഷമുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്കും നിയമനടപടികൾക്കും കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതും അതിന്മേൽ ദേവസ്വം ബോർഡിന് യാതൊരു ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ലാത്തതുമാണ്.

3. കുത്തക ഇനങ്ങളെ പൊതുവെ (എ) മേജർ ഐറ്റങ്ങൾ (ബി) മൈനർ ഐറ്റങ്ങൾ എന്നിങ്ങനെ രണ്ടായി തരം തിരിച്ചിരിക്കുന്നു.

4 മേജർ (എ), മൈനർ (ബി) ഐറ്റങ്ങൾക്ക് അതാത് ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കന്നതുപോലെ ടെൻഡറുകൾ ഉണ്ടായിരിക്കുന്നതാണ്.

5. ഓരോ ഇനത്തിന്റെയും ടെന്ററുകൾ തുറന്ന് ഖണ്ഡിക (1) പ്രകാരമുള്ള രേഖകളും ടെന്റർ രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ / വ്യക്തിയുടെ പ്രാപ്തി എന്നിവ ദേവസ്വം ടെന്റർ ഇവാലുവേഷൻ കമ്മിറ്റി പരിശോധിച്ച് ബന്ധപ്പെട്ട ടെന്ററുകാരന്റെ പേരിൽ ടെന്റർ സ്ഥിരപ്പെടുത്തുന്ന പക്ഷം മറ്റുള്ളവരുടെ നിരതദ്രവ്യം ഇ-ടെന്റർ മുഖേനയുള്ളവ ഓൺലൈനായി തന്നെയും ഓപ്പൺ ടെന്ററിൽ ഹാജരാക്കുന്നവരുടെ തുക മുറപ്രകാരം ടിയാന്റെ അക്കൗണ്ടിലേയ്ക്ക് തിരികെ നൽകുന്നതുമാണ്.

6. ടെന്ററിൽ പങ്കെടുക്കുന്നവർ 500/- രൂപ (അഞ്ഞൂറ് രൂപ) രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കേണ്ടതാണ്. ടി. തുക തിരികെ ലഭിക്കുന്നതല്ല.

7. ഷെഡ്യൂളിലെ ഓരോ ഐറ്റത്തിനും നിശ്ചയിച്ചിട്ടുള്ള ഇ.എം.ഡി.യും സെക്യൂരിറ്റിതുകയും ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. സെക്യൂരിറ്റിതുക കാലാവധിക്കുശേഷം മറ്റാക്ഷേപം / ബാദ്ധ്യത ഇല്ലെങ്കിൽ മാത്രം തിരിച്ചു നൽകുകയുള്ളൂ. കുത്തക ഏറ്റെടുക്കാനുദ്ദേശിക്കുന്ന ആളിന്റെ അക്കൗണ്ടിൽ നിന്നും ഇ.എം.ഡി.യും സെക്യൂരിറ്റിതുകയും ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

8. സെക്യൂരിറ്റി നിക്ഷേപങ്ങൾ യാതൊരു കാരണവശാലും ടെന്റർ തുകയിൽ വകയിരുത്തുന്നതല്ലാത്തതും, ടെന്റർ തുക ഇതിന് അതീതമായി അടയ്ക്കേണ്ടതുമാണ്.

9. കരാറുകരന് കാരാർ കാലയളവിൽ ചുമതല വല്ലതുമുണ്ടായാൽ ആയത് അടച്ചതിന് ശേഷംമാത്രമേ സെക്യൂരിറ്റി തുക തിരിച്ചു നൽകുകയുള്ളൂ. ബാദ്ധ്യത ടി. നിക്ഷേപത്തിലും അധികമായാൽ ആയതും അടച്ചുകൊള്ളാമെന്നും വീഴ്ച വരുത്തുന്നപക്ഷം റവന്യു റിക്കവറി ഉൾപ്പെടെയുളള നിയമ നടപടികൾ അംഗീകരിച്ചുകൊള്ളാമെന്നും ഓരോ കാറുകാരനും ഉടമ്പടിയിൽ സമ്മതിച്ചിരിക്കേണ്ടതാണ്.

10. ഖണ്ഡിക (5) പ്രകാരം ടെന്റർ അനുവദിച്ച് വരുന്ന മുറയ്ക്ക് ലേലത്തുക 5 ലക്ഷത്തിൽ കുറവാകയാൽ മുഴുവൻ തുകയും, 5 ലക്ഷത്തിൽ മുകളിലാകയാൽ ലേലത്തുകയുടെ 75% മോ 5 ലക്ഷമോ ഏതാണോ കൂടുതൽ ആയതും ആദ്യ ഗഡുവായി അഞ്ച് പ്രവൃത്തി ദിവസത്തിനുള്ളിൽ ഒടക്ക് വരുത്തേണ്ടതാണ്. ശേഷിക്കുന്ന തുക വീഴ്ച കൂടാതെ 2024 നവംബർ 30 നകം ഒടുക്ക് വരുത്തേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം വീഴ്ച വരുത്തിയ ഓരോ ദിവസങ്ങൾക്കും വീഴ്ച വരുത്തിയ തുകയുടെ 18 ശതമാനം പലിശ കണക്കാക്കുന്നതും ആയത് കുത്തകക്കാരൻ ഒടുക്ക് വരുത്തേണ്ടതും ഇപ്രകാരം വീഴ്ച വരുത്തുന്ന കുത്തക്കാരുടെ വിവരങ്ങൾ പ്രത്യേകം രേഖപ്പെടുത്തുന്നതും വരും വർഷങ്ങളിൽ ടെന്ററിൽ ടി. കുത്തകക്കാരൻ പകെടുക്കുന്ന അവസരത്തിൽ ടെന്റർ അനുവദിക്കുന്നത് സംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതും മേൽ വിവരിച്ചതിനും വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം ഡിപ്പാർട്ട്മെന്റ് യുക്തമെന്ന് തോന്നുന്ന മറ്റു പ്രകാരത്തിൽ തുക ഈടാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതുമാണ്. ഈ വകയിലുണ്ടായേക്കാവുന്ന സകല കഷ്ട നഷ്ടങ്ങൾക്കും ബന്ധപ്പെട്ട കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതും ആയത് കുത്തകക്കാരന്റെ സ്ഥാവര ജംഗമവസ്തുക്കളിൽ നിന്നും നിയമ നടപടികളിലൂടെ ഈടാക്കി എടുക്കുന്നതുമായിരിക്കും.

11. കുത്തക ഏറ്റെടുക്കുന്നയാൾ സ്വന്തം പേരിലുളള ബാങ്ക് അക്കൗണ്ടിൽ നിന്നും RTGS / NEFT /DD തുടങ്ങി മറ്റ് വിധത്തിലുള്ള അക്കൗണ്ട് ട്രാൻസ്ഫർ വഴി കുത്തകതുക ഒടുക്കുവരുത്തേണ്ടതാണ്. മറ്റാരുടെയെങ്കിലും അക്കൗണ്ട്വഴി തുക ഒടുക്കുവരുത്തുന്നപക്ഷം ആയതിന് കുത്തകക്കാരൻ സത്യാവങ്മൂലം എഴുതി സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. തുക ഒടുക്കുവരുത്തേണ്ട ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബാങ്ക് അക്കൗണ്ട് നമ്പർ | : 010000100068453 |
| പേര് | : ദേവസ്വം അക്കൗണ്ട്സ് ഓഫീസർ |
| ബാങ്ക് | : ധനലക്ഷ്മിബാങ്ക് ലിമിറ്റഡ് |
| ഐഎഫ്എസ് കോഡ് | : DLXB0000100 |
| ശാഖ | : ചിറക്കടവ് |

12. ടെന്റർ/കുത്തക ഏറ്റെടുത്ത ശേഷം ഏതെങ്കിലും സാഹചര്യത്തിൽ കാറുകാരൻ പിൻമാറിയാൽ ടിയാനെ ഡിഫോൾട്ടർ (വീഴ്ചവരുത്തിയആൾ) ആയി പ്രഖ്യാപിക്കുന്നതും ടിയാന്റെ പേരിൽ മറ്റ് കരാറുകളോ നിക്ഷേപങ്ങളോ ഉള്ളപക്ഷം ആയത് മുഴുവൻ പ്രായശ്ചിത്തമായി ഡിപ്പാർട്ട്മെന്റിലേയ്ക്ക് മുതൽ കൂട്ടുന്നതും കരാർ റദ്ദ് ചെയ്ത് ടി ഇനത്തിന് ആവർത്തന ടെന്റർ നടത്തുന്നതും ആയതിൽ ലാഭമുണ്ടായാൽ അതിന്മേൽ ആദ്യ ടെന്ററുകാരന് അവകാശമില്ലാത്തതും നഷ്ടം സംഭവിച്ചാൽ ആദ്യ ടെന്ററുകാരൻ ഉത്തരവാദിയായിരിക്കുന്നതും ഉണ്ടാകുന്ന നഷ്ടം ഈടാക്കാനുള്ള നിയമ നടപടികൾ ആദ്യ കുത്തകക്കാരന്റെ പേരിൽ സ്വീകരിക്കുന്നതുമായിരിക്കും.

13 പരസ്യത്തിലെ ഏതൊരു ഐറ്റത്തിനും ടെന്റർ തുക അപര്യാപ്തമാണെന്ന് തോന്നിയാൽ ടി. ഇനം ആവർത്തന ടെന്റർ നടത്തുന്നതിനോ പരസ്യ ലേലം നടത്തുന്നതിനോ ഡിപ്പാർട്ട്മെന്റിന് നേരിട്ട് നടത്തുന്നതിനോ അധികരം ഉണ്ടായിരിക്കുന്നതും ആയത് കരാറുകാരന് ചോദ്യം ചെയ്യാൻ അവകാശമില്ലാത്തതുമാണ്.

14. ഖണ്ഡിക 10 പ്രകാരം ലേലം സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ആദ്യഗഡു നിശ്ചിത തീയതിക്കകം ചെല്ലാൻ നമ്പർ പ്രകാരം മാത്രം ഒടുക്കുവരുത്തേണ്ടതും ശേഷിക്കുന്ന തുകയ്ക്കുള്ള ബാങ്ക് ഗ്യാരണ്ടി (**അംഗീകൃതബാങ്കിൽ നിന്നും ദി അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, മുണ്ടക്കയം ഗ്രൂപ്പ് എന്ന പേരിൽ**) കുത്തക അനുവദിച്ച് അറിയിപ്പ് ലഭിച്ച് കൃത്യം 20 ദിവസത്തിനകം എരുമേലി ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ ഹാജരാക്കേണ്ടതും കൂടാതെ കുത്തക ഏറ്റെടുക്കുന്ന വ്യക്തി / സ്ഥാപനം സ്വന്തം പേരിൽ തൻ ആണ്ടിൽ വസ്തുക്കരം ഒടുക്കിയ രസീതും. ആയതിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതുമാണ്. മേൽ വിവരിച്ച 1 മുതൽ 14 വരെയുള്ള വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ച് കുത്തക ഏറ്റെടുക്കുന്ന കാരാറുകാരൻ സ്വന്തം പേരിൽ നിയമാനുസൃതം മുദ്രപത്രത്തിൽ ഡിപ്പാർട്ട്മെന്റ് അംഗീകരിച്ച നക്കൽ പ്രകാരം മുണ്ടക്കയം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ പേരിൽ കുത്തക അനുവദിച്ച് 10

ദിവസത്തിനകം മുറപ്രകാരം ഉടമ്പടി വച്ച് കുത്തക ഏൽക്കേണ്ടതും അപ്രകാരം ഉടമ്പടി വച്ചതിന് ശേഷം മാത്രമെ കരാറുകാരൻ തന്റെ കുത്തക സംബന്ധിച്ച് ഏതൊരു പ്രവർത്തനവും നടത്തുവാൻ അനുവദിക്കുകയുള്ളു. കുത്തക ആരംഭിക്കേണ്ട തീയതിക്കു മുൻപായി ലേലംഅംഗീകരിക്കാൻ സാധിക്കാത്ത പക്ഷം മേൽവിവരിച്ച വ്യവസ്ഥകളിന്മേൽ ഡിപ്പാർട്ട്മെന്റിന് യുക്തമായ തീരുമാനംകൈക്കൊള്ളാവുന്നതും ആയതിന്മേൽ യാതൊരു കരണങ്ങളിലും ഏർപ്പെടുവാൻ കുത്തകക്കാരന് അവകാശമില്ലാത്തതുമാകുന്നു. കുത്തകക്കാരൻ കുത്തകത്തുകയുടെ ആദ്യഗഡു അടയ്ക്കുന്നതോടൊപ്പം ബാക്കി അടയ്ക്കുവാനുള്ള തുകയും അടയ്ക്കേണ്ട തീയതിയും രേഖപ്പെടുത്തി എരുമേലി ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ പേരിൽ സ്വന്തം അക്കൗണ്ട് നമ്പരിലുള്ള ചെക്ക് നൽകേണ്ടതാണ്. കുത്തകതുക മുഴുവൻ അടച്ച് തീരുന്ന മുറയ്ക്ക് മാത്രമെ ചെക്ക് തിരികെ നൽകുകയുള്ളൂ. കുത്തക സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിച്ച് 20 ദിവസത്തിനകം ലേലത്തുക പൂർണ്ണമായും ഒടുക്കുവരുത്തുന്നപക്ഷം ബാങ്ക് ഗ്യാരണ്ടി, സോൾവൻസി സർട്ടിഫിക്കറ്റ്, ചെക്ക് എന്നിവ ഹാജരാക്കേണ്ടതില്ലാത്തതുമാണ്.

15. കരാർ കൈമാറ്റം ചെയ്യുന്നതിനോ മറ്റ് കക്ഷികളെ കൂട്ടുകക്ഷികളാക്കുന്നതിനോ കീഴ്‌വാടകയ്ക്ക് കൊടുക്കുന്നതിനോ അനുവദിക്കുന്നതല്ല. ടെന്റർ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ കുത്തക അവകാശം മുന്നറിയിപ്പ് കൂടാതെ റദ്ദ് ചെയ്യുന്നതിനും തുടർന്നുള്ള ടെന്ററുകളിൽ ടി. ആളുകളെ പങ്കെടുക്കാൻ അനുവദിക്കുന്നതുമല്ല.

16. കുത്തകക്കാർ അവരവരുടെ പ്രവർത്തനത്തിന് ആവശ്യമായ വെള്ളം / വൈദ്യുതി എന്നിവ സ്വന്തം ചുമതലയിലും ചെലവിലും എടുക്കേണ്ടതാണ്. (നിലവിൽ ഇല്ലാത്തതിനും, ഉള്ളതിൽ അധികമായി വേണ്ടിവരുന്നത് ഉൾപ്പെടെ) ഇതിന് ആവശ്യമായ സാക്ഷ്യപത്രങ്ങൾ മാത്രം ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കുന്നതാണ്.

17. എല്ലാ കുത്തകക്കാരും അവരവരുടെ പ്രവർത്തന മേഖലയുടെ പ്രധാന ഭാഗത്ത് കുത്തക ക്രമനമ്പർ, കുത്തകയുടെ ഇനം, കുത്തകക്കാരന്റെ പേരും, പൂർണ്ണമായ മേൽവിലാസവും ഫോട്ടോ സഹിതമുള്ള കുത്തക സർട്ടിഫിക്കറ്റ് ഉൾപ്പെടുന്ന ബോർഡ് വ്യക്തമായി കാണാവുന്ന തരത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

18. എല്ലാ കരാറുകാരും സമയാസമയങ്ങളിലുള്ള ദേവസ്വം പൊതുജനാരോഗ്യം, പൊതുഭരണ ഉദ്യോഗസ്ഥർ എന്നിവരുടെ നിർദ്ദേശങ്ങൾ കർശ്ശനമായും പാലിച്ചിരിക്കേണ്ടതും ആയതിന് വിപരീതമായി പ്രവർത്തിക്കുന്നത് മൂലമുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും കരാറുകാരൻ മാത്രം ഉത്തരവാദി ആയിരിക്കുന്നതാണ്. കുത്തകക്കാരും അവർ ഏർപ്പെടുത്തുന്ന ജോലിക്കാരും നിർബന്ധമായും മാസ്ക് ധരിച്ചിരിക്കേണ്ടതും, സാനിറ്റൈസർ ഉപയോഗിക്കേണ്ടതും, ഹെൽത്ത് കാർഡ് നേടിയിരിക്കേണ്ടതുമാണ്.

19. നാളികേരം ഏറ്റെടത്ത് കരാർ നടത്തുന്നതിന് ദേവസ്വം വകയായുള്ള സ്ഥാപര ജംഗമവസ്തുക്കൾ ആവശ്യമായിട്ടുള്ളവർ ദേവസ്വം മരാമത്ത് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ബോധ്യപ്പെട്ട് രസീത് നൽകിയതിന് ശേഷം മാത്രം കുത്തക ആരംഭിക്കേണ്ടതും കരാർ കാലാവധിക്കുശേഷം ഏറ്റെടുത്തവ പൂർവ്വസ്ഥിതിയിൽ മരാമത്ത് ഉദ്യോഗസ്ഥരെ ബോദ്ധ്യപ്പെടുത്തി ഏൽപ്പിച്ച് സാക്ഷ്യപത്രം ഹാജരാക്കിയെങ്കിൽ മാത്രമെ സെക്യൂരിറ്റി തുക തിരികെ നൽകുകയുള്ളൂ. ഇതിന് വിപരീതമായി പ്രവർത്തിക്കുന്നതാകയാൽ ആയതിൽവച്ച് ഉണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും കരാറുകാരൻ മാത്രം ഉത്തരവാദിയായിക്കുന്നതാണ്.

20. കുത്തക കാലയളവിൽ കുത്തകക്കാരന് ഉപയോഗത്തിനായി നൽകുന്ന ഡിപ്പാർട്ട്മെന്റ് വസ്തുവകകൾക്ക് ഏതെങ്കിലും തരത്തിൽ നഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം സകല കഷ്ട നഷ്ടങ്ങളും ടി കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനും വേണ്ടിവന്നാൽ കരാർ റദ്ദ് ചെയ്ത് ടി.യാന്റെ നഷ്ടോത്തരവാദിത്വത്തിൽ തുടർന്ന് നടത്തുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

21. കരാറുകാർക്ക് അവർക്ക് അനുവദിച്ച് നൽകുന്ന സമയത്തുള്ള അവസ്ഥയിലും സ്ഥിതിയിലും മാത്രമെ കരാർ നടത്തുവാൻ അവകാശമുള്ളു. ഇതിൽ ഏതെങ്കിലും മാറ്റം ആവശ്യമുള്ളപക്ഷംമുൻകൂർ അനുവാദം വാങ്ങി സ്വന്തം ചെലവിൽ ചെയ്യേണ്ടതും ഇത് സംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കർശ്ശനമായും പാലിക്കേണ്ടതുമാണ്.

22. കരാറുകാരൻ അവരവരുടെ പ്രവർത്തനത്തിനായി കെട്ടുന്ന ഷെഡുകൾ തീപിടിക്കുന്നതിന് സാധ്യതയില്ലാത്ത ഷീറ്റ്, തകരം മുതലായവകൊണ്ടുമാത്രം നിർമ്മിക്കേണ്ടതും ആയത് സംബന്ധിച്ച് ഫയർ ഫോഴ്സ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ കർശ്ശനമായി പാലിക്കേണ്ടതുമാണ്.

23. അഹിന്ദുക്കൾ കരാർ എടുക്കുകയും പ്രവർത്തനമണ്ഡലം ക്ഷേത്ര സങ്കേതത്തിൽ വരികയും ചെയ്യുന്ന പക്ഷം ഹിന്ദുക്കളായ ആൾക്കാരെ ഉപയോഗിച്ചുമാത്രം കരാർ നടത്തേണ്ടതാണ്.

24. കേന്ദ്ര, സംസ്ഥാന സർക്കാരുകളിലേക്ക് ഏതെങ്കിലും തരത്തിലുള്ള നികുതികൾ നൽകേണ്ടിവരുന്ന പക്ഷം കുത്തകക്കാരൻ ടി. നികുതി നേരിട്ട് കൊടുക്കുന്നതിന് ബാദ്ധ്യസ്ഥനാണ്. കുത്തക തുകയുടെ ആദ്യ ഗഡു ഒടുക്കുവരുത്തുമ്പോൾ തന്നെ ആകെ ലേലത്തുകയുടെ 18 ശതമാനം തുകകൂടി ജി.എസ്.ടി. ആയി ഉൾപ്പെടുത്തി ലേലത്തുക ഒടുക്കുവരുത്തേണ്ടതാണ്. ജി.എസ്.ടി. സംബന്ധിച്ചുള്ള സംശയനിവാരണങ്ങൾക്ക് ദേവസ്വം ചാർട്ടേഡ് അക്കൗണ്ടന്റ് മെസ്സേഴ്സ്. വിജയൻ അസോസ്സിയേറ്റ്സുമായി ബന്ധപ്പെടാവുന്നതാണ്. (ഫോൺ - 9447032606)

25. എല്ലാ കരാറുകാരും ക്ഷേത്രാചാര മര്യാദകൾ നിർബന്ധമായും പാലിക്കേണ്ടതാണ്. കാരാറുകാരും അവരുടെ തൊഴിലാളികളും എരുമേലിയിൽ എത്തുന്ന ഭക്തജനങ്ങളോട് ബഹുമാനപുരസരം സ്നേഹബുദ്ധ്യ ഇടപെടേണ്ടതും അവരവർക്ക് കഴിയുന്നത്ര സഹായ സഹകരണങ്ങൾ ചെയ്തു നൽകേണ്ടതുമാണ്.

26. ലാട്രിനുകളുടെയും പ്ലോട്ടുകളുടെയും കുത്തക ഏറ്റെടുക്കുന്നവർ ആയവ ശുചിയായി സൂക്ഷിക്കേണ്ടതും അവരവരുടെ പ്രവർത്തന പരിധിയിൽവരുന്ന സ്ഥലങ്ങളിലും പരിസരങ്ങളിലും ഉണ്ടാകുന്ന വേസ്റ്റുകളും മറ്റും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെയും ദേവസ്വം ഉദ്യോഗസ്ഥരുടെയും നിർദ്ദേശങ്ങൾക്ക് അനുസരിച്ച് സ്വന്തം ചെലവിൽ നീക്കം ചെയ്ത് അപ്പപ്പോൾ തന്നെ വൃത്തിയാക്കി സൂക്ഷിക്കേണ്ടതും പ്ലാസ്റ്റിക്കുകളും ഖരമാലിന്യങ്ങളും ജൈവമാലിന്യങ്ങളും കുത്തകക്കാരുടെ സ്വന്തം ചെലവിൽ പ്രത്യേകം, പ്രത്യേകം വേസ്റ്റ് ബിന്നുകള് വച്ച് ആയതിൽ നിക്ഷേപിക്കേണ്ടതുമാണ്.

27. ടെന്റർ വ്യവസ്ഥയിൽ ഓരോ ഇനത്തിനും പ്രത്യേകം പറഞ്ഞിരിക്കുന്ന മിനിമം ടെന്റർ തുകയിലും കുറഞ്ഞതുക ക്വാട്ട് ചെയ്യാൻ പാടില്ലാത്തതും അപ്രകാരം ക്വാട്ട് ചെയ്ത് ടെന്റർ സമർപ്പിച്ചിട്ടുള്ളവരുടെ നിരതദ്രവ്യം ഡിപ്പാർട്ട്മെന്റിലേയ്ക്ക് മുതൽ കൂട്ടുന്നതുമായിരിക്കും.

28. കുത്തകതുക ഓൺലൈനായി ട്രാൻസ്ഫർ ചെയ്യുന്നപക്ഷം അതാത് ദിവസംതന്നെ ആയതിന്റെ റഫറൻസ് ഐഡി എരുമേലി അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

29. ഓരോ കുത്തക ഇനത്തിനും കുത്തകക്കാരന്റെ സ്വന്തം ചെലവിൽ അവരവരുടെ വകകൾക്ക് മതിയായ തുകയ്ക്കുള്ള ഇൻഷ്വുറൻസ് പരിരക്ഷ ആവശ്യമെങ്കിൽ എടുത്തിരിക്കേണ്ടതും, തീപിടുത്തം പോലെയുള്ളതും മറ്റ് ഏതെങ്കിലും തരത്തിലുള്ള അപകടങ്ങളും ഉണ്ടാകുന്നപക്ഷം ആയതിന് ദേവസ്വം ഡിപ്പാർട്ട്മെന്റിന് യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

30. കുത്തകക്കാരൻ ഡിപ്പാർട്ട്മെന്റിന്റെ അനുവാദമില്ലാതെ യാതൊരുവിധ പരസ്യങ്ങളും കുത്തകകളിൽ പ്രദർശിപ്പിക്കൻ പാടില്ലാത്തതാകുന്നു.

31. കച്ചവടസ്ഥാപനങ്ങളിലോ ലാട്രിൻ കോംപ്ലക്സുകളിലോ വിരിഷെഡുകളിലോ നിരോധിക്കപ്പെട്ടിട്ടുള്ളതും മദ്യം ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങളും, പുകയില ഉൽപ്പന്നങ്ങൾ എന്നിവ വിൽക്കുകയോ, ഉപയോഗിക്കുകയോ, കൈമാറ്റം ചെയ്യപ്പെടുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

32. ഇ-ടെന്ററിൽ സെക്യൂരിറ്റിതുക അടയ്ക്കുന്നവർ അപേക്ഷകന്റെ അക്കൗണ്ടിൽ നിന്നും മാത്രം തുക ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. കുത്തക തുക അടയ്ക്കുന്ന കുത്തകക്കാർ അവരവരുടെ അക്കൗണ്ടിൽനിന്നും മാത്രം ദേവസ്വത്തിന്റെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

33. എല്ലാ കുത്തകക്കാരും കുറഞ്ഞത് 20 ലിറ്ററെങ്കിലും കപ്പാസിറ്റിയുള്ള രണ്ട് വേസ്റ്റ് ബിന്നുകൾ (ഒന്ന് പച്ചനിറം, മറ്റൊന്ന് ചുവപ്പ്നിറം) സ്വന്തം ചെലവിൽ സ്ഥാപിക്കേണ്ടതും വേസ്റ്റ് തരം തിരിച്ച് അതാത് ബിന്നുകളിൽ നിക്ഷേപിക്കേണ്ടതും കൂടാതെ ആയത് സംസ്ക്കരിക്കേണ്ടതിലേക്കായി സർക്കാരോ പഞ്ചായത്തോ ഏർപ്പെടുത്തുന്ന ഫീസ് എന്തെങ്കിലും അടയ്ക്കേണ്ടിവന്നാൽ ആയത് കുത്തകക്കാരൻ തന്നെ അടയ്ക്കേണ്ടതും ഇതിൽ എന്തെങ്കിലും തരത്തിലുള്ള വീഴ്ചകൾ വരുത്തുന്നപക്ഷം ഉണ്ടാകുന്ന നിയമ നടപടികൾക്കൊ, പിഴയ്ക്കോ കുത്തകക്കാരൻ മാത്രം ഉത്തരവാദി ആയിരിക്കും.

34. കുത്തകക്കാർ അടയ്ക്കുന്ന ഇ.എം.ഡി തുക കുത്തക തുക മുഴുവൻ അടച്ചുതീരുന്ന മുറയ്ക്കും സെക്യൂരിറ്റി തുക കുത്തകയുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്കുംമാത്രം തിരികെ നൽകുന്നതാണ്. ഇതിന് റീഫണ്ട് വൗച്ചർ ഹാജരാക്കേണ്ടതാണ്.

35\. ടെന്റർ / ലേലം സ്ഥിരപ്പെടുത്തുന്നതിനും നിരാകരിക്കുന്നതിനും ദേവസ്വം ബോർഡിന് പരിപൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

| | |
|---|---|
| ടെന്റർ സമർപ്പിക്കേണ്ട അവസാന തീയതി / സമയം | |
| ടെന്ററുകളുടെ ടെക്നിക്കൽ ബിഡുകൾ തുറക്കുന്ന തീയതി / സമയം | |
| ടെന്ററുകളുടെ ഫിനാൻഷ്യൽ ബിഡുകൾ തുറക്കുന്ന തീയതി / സമയം | |
| ടെന്റർ തുറക്കുന്ന സ്ഥലം | |

## പ്രത്യേക നിബന്ധനകൾ

**എ1. നാളികേരകുത്തക - സെക്യൂരിറ്റി തുക 2,00,000/- രൂപ.**

അംഗീകൃത പ്ലാനിൽ അടയാളം ചെയ്തിരിക്കുന്ന സ്ഥലങ്ങളിൽ മാത്രമേ നാളികേരം ഉണക്കുവാൻ അനുവദിക്കുകയുള്ളൂ. കരാർ സംബന്ധിച്ച് ദേവസ്വം കെട്ടിടങ്ങളോ, ദേവസ്വം വസ്തുവകകളോ ആവശ്യമായി വന്നാൽ ഡിപ്പാർട്ട്മെന്റിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങേണ്ടതും ഡിപ്പാർട്ട്മെന്റിൽ നിന്നും നിശ്ചയിക്കുന്ന തുക അടയ്ക്കേണ്ടതുമാണ്. വിൽപ്പന നടത്തുന്ന നാളികേരത്തിന്റെ വില വിൽപ്പന നടത്തുന്ന സ്ഥലത്ത് പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

**എ2. പാർക്കിംഗ് ഫീസ് - സെക്യൂരിറ്റി തുക - 1,00,000/- രൂപ**

എരുമേലി ദേവസ്വം ബോർഡ് ഹൈസ്ക്കൂളിലെ പ്രധാന ഭാഗങ്ങൾ വരുന്നമുറ്റവും ക്ഷേത്രത്തോട് ചേർന്നുള്ള നന്ദാവനം കോമ്പൗണ്ടും പൂർണ്ണമായും പാർക്കിംഗിൽ നീന്നും ഒഴിവാക്കിയിരിക്കുന്നു. ഈ വക സ്ഥലത്ത് ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾ അല്ലാതെ മറ്റ് സ്വകാര്യ വാഹനങ്ങളോ അയ്യപ്പ ഭക്തന്മാരുടെ വാഹനങ്ങളോ കയറ്റുവാൻ അനുവദിക്കുന്നതല്ല. സൈറ്റ് അംഗീകൃത പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലത്ത് പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽ നിന്നും മാത്രമെ ഫീസ് പിരിക്കുവാൻ പാടുള്ളൂ. പാർക്കിംഗ് കുത്തക ടെന്റർ മുഖേന ലഭിക്കുന്നവർ പരസ്യത്തിൽ വിവരിച്ചിട്ടുള്ള ക്രമം ഓരോ ഇനം വാഹനങ്ങളുടെ വിവരവും, ആയതിന് ഡിപ്പാർട്ട്മെന്റ് നിശ്ചയിച്ചിട്ടുള്ള ഫീസും കാണിച്ചുള്ള കൂപ്പണുകൾ പ്രത്യേകം കുത്തകക്കാരുടെ ചെലവിൽ പ്രിന്റ് ചെയ്യിപ്പിച്ച് മാത്രം ഫീസ് പിരിവ് നടത്തേണ്ടതാണ്. മണ്ഡലം - മകരവിളക്ക് സീസൺ ഒഴികെ ശബരിമല നട തുറന്നിരിക്കുന്ന മറ്റ് സമയങ്ങളിൽ പാർക്കിംഗ് ഗ്രൗണ്ടുകൾ കുത്തകക്കാരുടെ ചുമതലയിൽ വൃത്തിയാക്കി സൂക്ഷിക്കേണ്ടതാണ്. ആദായനികുതി നിയമപ്രകാരം കരാറുകാരൻ കരാർ തുകയുടെ 2 % TCS ഇനത്തിൽ ആദായ നികുതി വകുപ്പിൽ ഒടുക്കുവരുത്തേണ്ടതും ടി തുക ഒടുക്കു വരുത്തുന്നമുറയ്ക്ക് മാത്രമെ കുത്തകക്കാരന് കുത്തക സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. ടി. കുത്തക സംബന്ധിച്ച് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നിശയിച്ചിട്ടുള്ള മറ്റ് ഏതെങ്കിലും തരത്തിലുള്ള നികുതികൾ കൂടി ഉള്ളപക്ഷം പ്രസ്തുത നികുതികൾ ഒടുക്കുവരുത്തേണ്ടത് കുത്തക കാരന്റെ മാത്രം ബാധ്യതയായിരിക്കും.

**എ3. കംഫർട്ട് സ്റ്റേഷൻ**

കരാറുകാർ അവരവർക്ക് ലഭിച്ച ബ്ലോക്കുകളിൽ നിലവിലുള്ള വെള്ളത്തിന്റെ സൗകര്യം ഉപയോഗിക്കാവുന്നതാണ്. എന്നാൽ നിലവിലുള്ളതിൽ അധികം വെള്ളം ആവശ്യമായിവരുന്ന പക്ഷം ആയത് സ്വന്തം ചെലവിൽ കൊണ്ടുവന്ന് ഉപയോഗിക്കേണ്ടതാണ്. അതുപോലെതന്നെ കംഫർട്ട് സ്റ്റേഷനിലേക്ക് ആവശ്യമായ വൈദ്യുതി കരാറുകാരന്റെ ചെലവിൽ നിലവിലുള്ള മീറ്ററിൽ നിന്നും എടുക്കേണ്ടതും കറണ്ട് ചാർജ്ജ് അവർതന്നെ അടയ്ക്കേണ്ടതുമാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ നിയമങ്ങൾ കരാറുകാരൻ കർശനമായും പാലിച്ചിരിക്കേണ്ടതുമാണ്. ഇതിന് വിപരീതമായി പ്രവർത്തിക്കുന്നത് മൂലം ഉണ്ടാകുന്ന സകല കഷ്ട നഷ്ടങ്ങൾക്കും കരാറുകാരൻ മാത്രം ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. കരാർ കാലാവധിയിൽ കംഫർട്ട് സ്റ്റേഷനുകൾക്കോ അനുബന്ധ ഘടകങ്ങൾക്കോ വരാവുന്ന തകരാറുകൾക്ക് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി അല്ലാത്തതാണ്. കക്കൂസിനും കുളിമുറിക്കും ക്ലോക്ക് റൂമിനും അംഗീകരിച്ചിട്ടുള്ള നിശ്ചിത ഫീസ് മാത്രമെ ഈടാക്കുവാൻ പാടുള്ളൂ. എല്ലാ ബ്ലോക്കുകളിലെയും കക്കൂസുകളിൽ എത്തുന്ന എല്ലാ ഡിപ്പാർട്ട്മെന്റ് സ്പെഷ്യൽ ഡ്യൂട്ടി ഉദ്യോഗസ്ഥർക്കും സൗജന്യമായി ആയവ ഉപയോഗിക്കുന്നതിന് വേണ്ട സൗകര്യം നൽകേണ്ടതാണ്.

എ3-1, എ3-3എ എന്നീ ലാട്രിൻ ബ്ലോക്കുകളിലെ മലിന ജലം ശുദ്ധീകരിക്കുന്നതിനുള്ള പ്ലാന്റിന്റെ കപ്പാസിറ്റി .75 എം.എൽ.ഡി. യും. എ-3-3 സ്കൂൾ സ്റ്റേഡിയത്തിലുള്ള ലാട്രിൻ ബ്ലോക്കിലെ മലിന ജലം ശുദ്ധീകരിക്കുന്നതിനുള്ള പ്ലാന്റിന്റെ കപ്പാസിറ്റി 1 എം.എൽ.ഡി.യുമാണ്. ടി. ബ്ലോക്കിൽ

നിന്നും അതിനുമുകളിൽ മലിനജലം വരുന്ന പക്ഷം ആയത് ടൊയ്‌ലറ്റ് ലേലം കൊള്ളുന്ന കുത്തകക്കാരന്റെ ഉത്തരവാദിത്വത്തിലും ചെലവിലും സംസ്ക്കരിക്കേണ്ടതാണ്. കൂടാതെ ടൊയ്‌ലറ്റിലേയ്ക്ക് വരുന്ന വെള്ളത്തിന്റെ അളവ് പരിശോധിക്കുന്നതിന് കുത്തകക്കാരൻ സ്വന്തം ചെലവിൽ ഒരു ഫ്ളോമീറ്റർ സ്ഥാപിക്കേണ്ടതുമാണ്.

**എ4/1. വിരി പിരിവ് - സെക്യൂരിറ്റി 30,000/- രൂപ**

പോലീസ് എയ്ഡ് പോസ്റ്റിന് സമീപം ഷോപ്പിങ്ങ് കോംപ്ലക്സിന് മുകളിൽ 6,000 ചതുരശ്ര അടി സ്ഥലം മണ്ഡലം - മകരവിളക്ക് കാലയളവിൽ ആളൊന്നിന് ഒരു ദിവസത്തേയ്ക്ക് 25/- രൂപയിൽ കൂടാത്ത നിരക്കിൽ ഫീസ് ഈടാക്കി അയ്യപ്പൻമാർക്ക് വിരി വയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി നൽകുന്നതിനുള്ള അവകാശം അയ്യപ്പന്മാർക്ക് മെയിൻ റോഡിൽ നിന്നും വിരിപ്പന്തലിലേക്ക് പ്രവേശിക്കുന്നതിനായും സൗകര്യങ്ങൾ ഒരുക്കുന്നതിലേക്ക് സ്റ്റെയർകേസും മുൻപിലുള്ള സ്ഥലവും ഉപയോഗിക്കാവുന്നതാണ്.

**ബി 1. ചെണ്ടമേളം ഫീസ് പിരിവ് - സെക്യൂരിറ്റി - 30,000/-**

പേട്ടതുള്ളലിൽ മേളത്തിൽ എത്തുന്ന ആൾക്കാർ അവരവരുടെ പൂർണ്ണമായ മേൽവിലാസം എഴുതി സാക്ഷ്യപ്പെടുത്തിയ ഫോട്ടോയോ ഇലക്ഷൻ ഐഡന്റിറ്റി കാർഡോ കൈവശം സൂക്ഷിച്ചിരിക്കേണ്ടതും അന്വേഷണ ഉദ്യോഗസ്ഥൻമാർ ആവശ്യപ്പെടുന്ന മുറയ്ക്ക് ആയത് ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

**ബി 2. സ്വർണ്ണം വെള്ളി വഴിപാട് നിരക്ക് - സെക്യൂരിറ്റി 1000/- രൂപ**

ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന സ്ഥലത്ത് മാത്രമേ ടി ഐറ്റങ്ങൾ വിൽപ്പന നടത്തുവാൻ അനുവദിക്കുകയുള്ളു. ടി വകകൾ അല്ലാതെ മറ്റ് സാമഗ്രികൾ ഇവിടെ വൽപ്പന നടത്തുവാൻ പാടുള്ളതല്ല.

**ബി 3. പേട്ടകമ്പ്, തൂപ്പ്, പച്ചക്കറി - സെക്യൂരിറ്റി 10,000/- രൂപ**

പേട്ടതുള്ളലിനുശേഷം, അയ്യപ്പന്മാർ ക്ഷേത്രത്തിനു മുൻവശം നിക്ഷേപിക്കുന്ന പേട്ടക്കമ്പ്, തൂപ്പ്, പച്ചക്കറി മുതലായവ സമയാസമയങ്ങളിൽ കരാറുകാരൻ നീക്കം ചെയ്യേണ്ടതാണ്.

**ബി 4. പ്ലോട്ടുകളുടെ ടെന്റർ - സെക്യൂരിറ്റി പ്ലോട്ട് ഒന്നിന് 10,000/- രൂപ**

ദേവസ്വത്തിൽ സൂക്ഷിച്ചിരിക്കുന്ന 1200 എം.ഇ. യിലെ അംഗീകൃതപ്ലാനിൽ പറയുന്ന പ്രകാരവും അളവിലും മാത്രമേ കടകൾ കെട്ടുവാൻ പാടുള്ളൂ. കരാറുകാർക്ക് അനുവദിച്ചുകിട്ടിയ പ്ലോട്ടുകൾ തമ്മിൽ കൈമാറ്റം ചെയ്യുന്നതിനോ, പ്ലോട്ടുകൾ ഒന്നിച്ചു ചേർക്കുന്നതിനോ, ഭാഗം ചെയ്യുന്നതിനോ അനുവാദമുണ്ടായിരിക്കുന്നതല്ല.

അതാതു കടകളിലുണ്ടാകുന്ന പാഴ്‌വസ്തുക്കളും മാലിന്യങ്ങളും ഇതിനായി വയ്ക്കുന്ന വേസ്റ്റ് ബോക്സുകളിൽ മാത്രം നിക്ഷേപിക്കേണ്ടതാണ്. മലിനജലം സംഭരിച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ കരാറുകാരൻ നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്. ടി. സംഗതി സംബന്ധിച്ച് ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണ്. പ്ലാനിൽ നിഷ്ക്കർഷിച്ചിട്ടുള്ള അളവിൽ മാത്രമെ കടകൾ കെട്ടുവാൻ പാടുള്ളൂ. ആയതിന് വിരുദ്ധമായി നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ടു എന്ന് ബോദ്ധ്യമായാൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള ഭാഗം പൊളിച്ച് നീക്കുന്നതിനോ, ആനുപാതിക തുക ഈടാക്കുന്നതിനോ, ഡിപ്പാർട്ട്മെന്റിന് അധികാരമുണ്ടായിരിക്കുന്നതാണ്. പ്ലോട്ടുകളെ മണ്ഡലം - മകരവിളക്ക് കാലത്തേയ്ക്കുമാത്രം ഒഎസ് (അദർ സ്റ്റാൾ), പി.എസ്. (ഫോട്ടോസ്റ്റുഡിയോ), എച്ച് ഒ. (ഹോട്ടൽ) എന്നിങ്ങനെ തരംതരിച്ചിട്ടുണ്ട്. ഇവയിൽ വ്യാപാരം ചെയ്യുന്നവ താഴെ പറയും പ്രകാരമാണ്. കരാർ കലാവധിക്ക് മുമ്പ് ദേവസ്വം ബോർഡിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ടോ, മറ്റോ സ്ഥലം ആവശ്യമായിവരുന്നപക്ഷം ബന്ധപ്പെട്ട പ്ലോട്ട് പൂർണ്ണമായോ, ഭാഗികമായോ ഡിപ്പാർട്ട്മെന്റ് ഏറ്റെടുക്കുന്നതും കരാറുകാരന് നാളിതുവരെ കെട്ടിവച്ച തുക മാത്രം തിരിച്ചു നൽകുകയോ, ആനുപാതിക തുക നിശ്ചയിക്കുന്നതിനോ, ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. **ഒരു കരാറുകാരന് മൂന്നിൽ കൂടുതൽ പ്ലോട്ട് അനുവദിക്കുന്നതല്ല. ടെന്റർ തുക / ലേല തുക അഞ്ച് ലക്ഷം രൂപ വരെയുള്ളത് ഒന്നായും, അഞ്ച് ലക്ഷത്തിന് മുകളിൽ വരുന്നതാകയാൽ മുഴുവൻ തുകയുടെ 75 ശതമാനം തുകയോ അഞ്ച് ലക്ഷമോ ഏതാണ് കൂടുതൽ വരുന്നതെന്നാൽ ആ തുക ഒടുക്കുവരുത്തുവാൻ അനുവദിച്ചിട്ടുള്ള നിശ്ചിത സമയ പരിധിക്കുള്ളിൽ ഒടുക്കുവരുത്തേണ്ടതാണ്. പേട്ടതുള്ളലിന് അയ്യപ്പന്മാർക്ക് രാസസിന്ദൂരം വിൽപ്പന നടത്തുന്നത് നിരോധിച്ചുകൊണ്ടുള്ള കോട്ടയം ജില്ലാ കളക്ടറുടെ ഉത്തരവ് നിലനിൽക്കുന്നതിനാൽ അദർ സ്റ്റാൾ കുത്തക പിടിക്കുന്ന കടകളിൽ യാതൊരുകാരണവശാലും രാസസിന്ദൂരം വിൽപ്പനനടത്തുവാൻ പാടില്ലാത്തതാകുന്നു. ഇതിനു വിപരീതമായി**

പെരുമാറുന്നപക്ഷം ആയതിൽ ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും കുത്തകക്കാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതാണ്.

**ഹോട്ടൽ (എച്ച്.ഒ)**

പ്ലാനിൽ ഇവയ്ക്കുള്ള സ്ഥലം പ്രത്യേകമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവിടെ ആഹാരസാധനങ്ങൾ പാകം ചെയ്ത് ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ നിർദ്ദേശിക്കുന്ന വിലയ്ക്ക് നൽകേണ്ടതാണ്. നോൺ വെജിറ്റേറിയൻ ആഹാരപദാർത്ഥങ്ങൾ യാതൊരു കാരണവശാലും ടി. ഹോട്ടലുകളിൽ കച്ചവടം ചെയ്യാൻപാടില്ലാത്തത് ആകുന്നു. ഹോട്ടലുകളിലെ കരാറുകാരും തൊഴിലാളികളും അതാത് പ്രദേശത്തെ ഹെൽത്ത് സെന്ററുകളിൽ നിന്നും ഹെൽത്ത് കാർഡുകൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

**അദർ സ്റ്റാൾ (ഒ.എസ്.)**

ലഘുപാനീയങ്ങൾ, ശീതള പാനീയങ്ങൾ കമ്പനികളിൽ നിർമ്മിച്ച് പായ്ക്ക് ചെയ്തിട്ടുള്ള ഭക്ഷണ പദാർത്ഥങ്ങൾ തുടങ്ങിയ വിൽപന നടത്താവുന്നതാണ്. മിൽമ ബുത്തുകളിൽ ചൂട് പാനീയങ്ങൾ അനുവദനീയമാണ്. യാതൊരു കാരണവശാലും ഭക്ഷണ പദാർത്ഥങ്ങൾ പാചകം ചെയ്ത് വിൽക്കുവാൻ പാടില്ലാത്തതാകുന്നു.

**ഫോട്ടോ സ്റ്റുഡിയോ (പി.എസ്.)**

അയ്യപ്പഭക്തന്മാരുടെ ഫോട്ടോ എടുത്തുകൊടുക്കുക, ഫോട്ടോ സാമഗ്രികൾ വിൽപന നടത്തുക എന്നിവ അല്ലാതെ മറ്റ് യാതൊരുവിധ കച്ചവടവും ടി. ബ്ലോക്കിൽ നടത്തുവാൻ പാടില്ലാത്തതാണ്. മേൽപറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി കച്ചവടം ചെയ്യുന്നതായി ഡിപ്പാർട്ട്മെന്റിന് ബോദ്ധ്യപ്പെടുന്നപക്ഷം ടി. കുത്തക അവകാശം റദ്ദ് ചെയ്യുന്നതിനും ബദൽ സംവിധാനം ഉണ്ടാക്കുന്നതിനും ഡിപ്പാർട്ട്മെന്റിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതാണ്. **ഒരു കരാറുകാരന് മൂന്നിൽ കൂടുതൽ പ്ലോട്ട് അനുവദിക്കുന്നതല്ല.**

**ബി-5 ആലമ്പള്ളി ഷോപ്പിങ്ങ് കോംപ്ലക്സിലെ കടമുറികൾ**

ആലമ്പള്ളി ഷോപ്പിങ്ങ് കോംപ്ലക്സിലെ കടമുറികൾ ടെന്റർ കൊള്ളുന്നവർ നിലവിലുള്ള മീറ്ററിൽ നിന്നും കറണ്ട് എടുത്ത് ഉപയോഗിക്കേണ്ടതും കറണ്ട് ചാർജ്ജ് കുത്തകക്കാരൻ തന്നെ അടയ്ക്കേണ്ടതുമാണ്. കറണ്ട് ചാർജ്ജ് അടച്ച് രസീത് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമെ ടി. മുറികൾക്ക് വെച്ചിട്ടുള്ള സെക്യൂരിറ്റിതുക തിരിച്ച് നൽകുകയുള്ളൂ. - **സെക്യൂരിറ്റി സിംഗിൾ റൂം - 10,000/- ഡബിൾ റൂം - 10,000/- രൂപ**

ടെന്റർ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ തിരുവനന്തപുരം ദേവസ്വം കമ്മീഷണർ ഓഫീസ്, പത്തംതിട്ട ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ഓഫീസ്, മുണ്ടക്കയം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ്, എരുമേലി ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് എന്നിവടങ്ങളിൽ നിന്നും ഓഫീസ് സമയങ്ങളിൽ അറിയാവുന്നതാണ്. ടെന്റർ അനുവദിക്കുന്നതിനും, നിരാകരിക്കുന്നതിനും സകല അധികാരവും അവകാശവും തിരുവിതാംകർ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും, ടെന്ററിൽ നിശ്ചയിക്കപ്പെട്ട തീയതി ഏതെങ്കിലും കാരണവശാൽ അവധിയായി പ്രഖ്യാപിക്കപ്പെട്ടാൽ അടുത്ത പ്രവർത്തിദിവസം ടെന്റർ നടത്തുന്നതിനും ആയതിന് പ്രത്യേകം അറിയിപ്പ് ഉണ്ടായിരിക്കുന്നതല്ലാത്തതുമാണ്.

**താൽക്കാലിക കടകളുടെ നിർമ്മാണം**

പ്ലോട്ടുകൾ കുത്തക ഏൽക്കുന്നവർ താൽക്കാലിക കടകൾ കെട്ടുമ്പോൾ പൊളിച്ചുനീക്കാവുന്ന വിധത്തിലുള്ള കടകൾ മാത്രമെ നിർമ്മിക്കുവാൻ പാടുള്ളൂ എന്നും സ്ഥിരമായി ഇരിക്കാവുന്ന വിധത്തിൽ വെൽഡ് ചെയ്ത് പിടിപ്പിച്ചിട്ടുള്ള കടകൾ കെട്ടുവാൻ പാടില്ലാത്തതുമാണ്. താൽക്കാലികമായി കെട്ടുന്ന കടകൾ 2025 ഫെബ്രുവരിമാസം 10-ാംതീയതിക്ക് മുൻപായി കുത്തകക്കാരുടെ ചെലവിൽ പൊളിച്ചുമാറ്റി തരേണ്ടതും, അല്ലാത്തപക്ഷം പൊളിച്ചുമാറ്റുവാനുള്ള നടപടി ഡിപ്പാർട്ട്മെന്റിൽ നിന്നും സ്വീകരിക്കുന്നതുമാണ്. ഇതിലേക്ക് ചെലവ് വരുന്നതുക കുത്തകക്കാരുടെ സെക്യൂരിറ്റി തുകയിൽ നിന്നും ഈടാക്കുന്നതുമായിരിക്കും. കൂടാതെ പൊളിച്ചുമാറ്റുന്ന സാധനങ്ങൾ ലേലം ചെയ്ത് ഡിപ്പാർട്ട്മെന്റിലേയ്ക്ക് മുതൽ കൂട്ടുന്നതായിരിക്കും.

തിരുവനന്തപുരം
ആർ.ഒ.സി. നമ്പർ : 176/2024/EMLY/LELAM

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

## കുത്തക വിവരം

**എ-1. നാളികേരം - സെക്യൂരിറ്റി - 2,00,000/- രൂപ**

എരുമേലി ക്ഷേത്രത്തിന്റെ മുൻവശത്തുള്ള നാളികേരക്കൂട്ടിലും ഭഗവതി നടയിലും പേട്ടക്ഷേത്ര നടയിലും കോട്ടപ്പടിയിലും 1200 തുലാംമാസം 25 മുതൽ മകരമാസം 5-ാം തീയതിവരെയും 2024 ഏപ്രിൽ 1 മുതൽ 20 വരെയും, 1200 തുലമാസംവരെയുള്ള മറ്റ് മാസങ്ങളിൽ ശബരിമല മാസപൂജയ്ക്ക് നട തുറന്നിരിക്കുന്ന ദിവസങ്ങളിലും അയ്യപ്പന്മാർ ഉടയ്ക്കന്നതും ഉരുട്ടുന്നതുമായ നാളികേരം എടുക്കുന്നതിനും നാളികേരക്കൂടിന് സമീപം വച്ച് നാളികേരം വിൽക്കന്നതിനുമുള്ള അവകാശം

**എ-2. പാർക്കിംഗ് - സെക്യൂരിറ്റി 1,00,000/- രൂപ**

എരുമേലി ഹൈസ്ക്കൂൾ സ്റ്റേഡിയത്തിലും, അംഗീകൃതപ്ലാൻ അനുസരിച്ച് പാർക്കിംഗിനായി തിരിച്ചിട്ടുള്ള ദേവസ്വംവക സ്ഥലങ്ങളിലും (ആലമ്പള്ളി കോമ്പൗണ്ടിൽ താൽക്കാലിക മെസ്സിനും, ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾക്കുള്ള കാർഷെഡ്ഡിനുമുള്ള സ്ഥലം കഴിച്ച്) പാർക്കു ചെയ്യുന്ന വാഹനങ്ങളിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം (1200-ാം മാണ്ട് തുലാം 25 മുതൽ മകരം 5 വരെയും 2025 ഏപ്രിൽ 1 മുതൽ 20 വരെയും 1201 എം.ഇ. തുലാമാസം വരെയുള്ള മറ്റു മാസങ്ങളിൽ ശബരിമല മാസപൂജയ്ക്ക് നടതുറന്നിരിക്കുന്ന ദിവസങ്ങളിലും) എരുമേലി ക്ഷേത്രത്തിനു മുൻവശം നടപ്പന്തലിന്റെ തെക്കുവശത്തുള്ള കോൺക്രീറ്റ് മൈതാനം പാർക്കിംഗിൽ നിന്നും 1200 എം.ഇ.യിൽ ഒഴിവാക്കിയിട്ടുള്ളതാണ്.

ഈടാക്കാവുന്ന പ്രതിദിന ഫീസ് വിവരം ചുവടെ ചേർക്കുന്നു.

1. ഇരുചക്രവാഹനങ്ങൾ - 10/- രൂപ
2. ഓട്ടോറിക്ഷ - 20/- രൂപ
3. കാർ - 30/- രൂപ
4. ജീപ്പ് സുമോ, ക്വാളീസ്, ഇന്നോവ (8 സീറ്റ്) - 40/- രൂപ
5. വാൻ (14 സീറ്റ്) - 50/- രൂപ
6. മിനിബസ്സ് (25 സീറ്റ് വരെ) - 75/- രൂപ
7. ബസ്സ് - 100/- രൂപ

**എ-3 1.. ആലമ്പള്ളി ലാട്രിൻ - സെക്യൂരിറ്റി -50,000/- രൂപ**

ആലമ്പള്ളി കോമ്പൗണ്ടിലുള്ള 100 കക്കൂസുകളടങ്ങിയ ഒരു ബ്ലോക്കിൽ 1200 എം.ഇ. തുലാമാസം 25 മുതൽ 1201 തുലാമാസം 24 വരെയുള്ള ഒരു വർഷക്കാലയളവിലേയ്ക്ക് ആളൊന്നുക്ക് കക്കൂസ് - അഞ്ച് രൂപ, കുളിമുറി - പത്ത് എന്ന ക്രമം ഫീസ് പിരിക്കുന്നതിനുള്ള അവകാശം

**എ-3 2. നന്ദാവനം ലാട്രിൻ ബ്ലോക്ക് (ഒഴിവാക്കി)**

**എ-3 3. ഹൈസ്ക്കൂൾ സ്റ്റേഡിയം ലാട്രിൻ ബ്ലോക്ക് - സെക്യൂരിറ്റി - 50,000/- രൂപ**

ഹൈസ്ക്കൂൾ സ്റ്റേഡിയത്തിന്റെ തെക്കുഭാഗത്തുള്ള 100 കക്കൂസുകളും 100 കുളിമുറികളും ഉള്ള ലാട്രിൻ ബ്ലോക്ക് 1200 എം.ഇ. മണ്ഡലം - മകരവിളക്ക് കാലത്തേക്ക് മാത്രം ഫീസ് പരിക്കുന്നതിനുള്ള അവകാശം

**എ-3/3എ. - സെക്യൂരിറ്റി - 30,000/-**

**ഹൈസ്ക്കൂൾ കോമ്പൗണ്ടിലെ 23 കക്കൂസുകളും 9 കുളിമുറികളും ഉപയോഗിക്കുന്നവരിൽ നിന്നും 1200 യിലെ മണ്ഡലം - മകരവിളക്ക് കാലത്തുമാത്രം ഫീസ് പിരിക്കുന്നതിനുള്ള അവകാശം**

**എ-3/4. - ക്ലോക്ക് റൂം - സെക്യൂരിറ്റി 10,000/- രൂപ**

പോലീസ് ഡിപ്പാർട്ട്മെന്റ് നിർദ്ദേശിക്കുന്ന സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള മൂന്ന് താൽക്കാലിക ക്ലോക്ക് റൂമുകൾ ഉപയോഗിക്കുന്നവരിൽ നിന്നും 1200 എം.ഇ. മണ്ഡലം - മകരവിളക്ക് കാലത്ത് 25/- രൂപ ക്രമം ഫീസ് പരിക്കുന്നതിനുള്ള അവകാശം.

**ആൾ ഒന്നിന് ഈടാക്കാവുന്ന ഫീസ് വിവരം**

1. കക്കൂസ് 5/- രൂപ
2. കുളിമുറി 10/- രൂപ
3. ക്ലോക്ക് റൂം 15/- രൂപ

എ 4. ഷെൽട്ടർ ഫീസ് പിരിവ് (ഒഴിവാക്കി)

എ 4 1.കിഴക്ക് ഗോപുരത്തിന് അഭിമുഖമായുള്ള ഷോപ്പിംഗ് കോംപ്ലക്സിന് മുകൾ ഭാഗത്ത് (പോലീസ് എയ്ഡ് പോസ്റ്റിനോട് ചേർന്ന്) വിരി വയ്ക്കുന്നതിന് അയ്യപ്പന്മാരിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം.

## ബി - മൈനർ ഐറ്റങ്ങൾ

**ബി-1. മേളക്കാരിൽ നിന്നുള്ള ഫീസ് പരിവ് - സെക്യൂരിറ്റി - 30,000/- രൂപ**

പേട്ടതുള്ളലിൽ പങ്കെടുക്കുന്ന മേളക്കാരിൽ നിന്നും മേളം ഒന്നിന് 50/- രൂപക്രമം ഫീസ് പിരിക്കുന്നതിനുള്ള അവകാശം 1200 എം.ഇ. തുലാമാസം 25 മുതൽ മണ്ഡലം - മകരവിളക്ക് കാലത്തേക്കും 1201 എം.ഇ. തുലാമാസം വരെയുള്ള ശബരിമല മാസപൂജ കാലയളവിലും മാത്രം, മേളക്കാർ നടത്തുന്ന അകമ്പടി മേളത്തിന് ഒരു വാദ്യത്തിന് 250/- രൂപ മാത്രമെ സ്വാമി ഭക്തന്മാരിൽ നിന്നും ഈടാക്കുവാൻ പാടുള്ളൂ.

**ബി-2. സ്വർണ്ണം, വെള്ളി വഴിപാടു വിൽപ്പന - സെക്യൂരിറ്റി 1,000/- രൂപ**

ദേവസ്വത്തിൽ നിന്നും നിർദ്ദേശിക്കുന്ന സ്ഥലത്ത് വച്ച് സ്വർണ്ണം, വെള്ളി നേർച്ച വഴിപാട് സാധനങ്ങൾ വിൽപ്പന നടത്തുന്നതിനുള്ള അവകാശം 1200 എം.ഇ. മണ്ഡലം - മകരവിളക്ക് കാലത്തേക്കു മാത്രം

**ബി-3. പേട്ടകമ്പ്, തൂപ്പ്, പച്ചക്കറി - സെക്യൂരിറ്റി 10,000/- രൂപ**

പേട്ട തുള്ളലിനു ശേഷം അയ്യപ്പന്മാർ ഉപേക്ഷിച്ചു പോകുന്ന പേട്ടകമ്പ്, തൂപ്പ്, പച്ചക്കറി എന്നിവ എടുക്കന്നതിനുള്ള അവകാശം 1200 എം.ഇ. മണ്ഡലം - മകരവിളക്ക് കാലത്തേക്കു മാത്രം

**ബി-4. പ്ലോട്ടുകളുടെ ടെന്റർ - സെക്യൂരിറ്റി 10,000/-രൂപ.**

എരുമേലി ദേവസ്വത്തിൽ സൂക്ഷിച്ചിട്ടുള്ള അംഗീകൃത പ്ലാനിൽ വിവരിച്ചിട്ടുള്ള പ്ലോട്ടുകളിൽ ടെന്റർ വ്യവസ്ഥകൾക്കു വിധേയമായി താൽക്കാലിക കടകൾ കെട്ടി കച്ചവടം ചെയ്യുന്നതിനുള്ള അവകാശം 1200 എം.ഇ. മണ്ഡലം - മകരവിളക്ക് കാലത്തേക്കു മാത്രം. <u>ഒരു കരാറുകാരന് മൂന്നിൽ കൂടുതൽ പ്ലോട്ട് അനുവദിക്കുന്നതല്ല.</u>

**ബി-5. പേട്ട ദേവസ്വം (കൊച്ചമ്പലം) പ്ലോട്ട് 1, 2, 3**

| നമ്പർ | പ്ലോട്ട് നമ്പർ | അളവ് | വിവരണം | സെക്യൂരിറ്റി |
|---|---|---|---|---|
| 1 | ബി 5/1 | 7 x 5 | അദർ സ്റ്റാൾ | 10,000/- |
| 2 | ബി 5/2 | 7 x 5 | അദർ സ്റ്റാൾ | 10,000/- |
| 3 | ബി 5/3 | 7 x 5 | അദർ സ്റ്റാൾ | 10,000/- |

ഹോട്ടൽ അനുവദിക്കുന്നതല്ല. കച്ചവടം നടത്തുന്നതിനുള്ള അവകാശം 1200 എം.ഇ. മണ്ഡലം - മകരവിളകക് സമയത്തേയ്ക്ക് മാത്രം.

**ബി-6. ആലമ്പള്ളി ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ**

ആലമ്പള്ളി ഷോപ്പിംഗ് കോംപ്ലക്സിലെ 1-ാം നമ്പർ കടമുറി 2, 3 നമ്പരിലുള്ള ഒരു ഡബിൾ റൂം, എന്നിവിടങ്ങളിൽ 1200 എം.ഇ. മണ്ഡലം - മകരവിളക്കു കാലത്തേക്കു മാത്രം കച്ചവടം ചെയ്യുന്നതിനുള്ള അവകാശം. നിരതദ്രവ്യം യഥാക്രമം 10,000/- രൂപ. ടെൻഡർ തുക ഒന്നായി അടയ്ക്കണം.

എ-1. നാളികേരം

ടെൻഡറിനോടൊപ്പം സ്വന്തം പേരിൽ 15,00,000 (പതിനഞ്ച് ലക്ഷം) രൂപയിൽ കുറയാത്ത തുകയ്ക്ക് സോൾവൻസി / ബാങ്ക് ഗ്യാരണ്ടിയും അതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും, ടിയാന്റെ സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് / ഇലക്ഷൻ ഐഡന്റിറ്റി കാർഡും അടക്കം ചെയ്തിരിക്കണം. ടെന്റർ സ്ഥിരീകരിക്കുമ്പോൾ അസ്സൽ ബാങ്ക് ഗ്യാരണ്ടി / സോൾവൻസി ഹാജരാക്കണം.

എ-2. പാർക്കിംഗ്

ടെൻഡറിനോടൊപ്പം സ്വന്തം പേരിൽ 15,00,000 (പതിനഞ്ച് ലക്ഷം) രൂപയിൽ കുറയാത്ത തുകയ്ക്ക് സോൾവൻസി / ബാങ്ക് ഗ്യാരണ്ടിയും അതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും, ടിയാന്റെ സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് / ഇലക്ഷൻ ഐഡന്റിറ്റി കാർഡും അടക്കം ചെയ്തിരിക്കണം. ടെന്റർ സ്ഥിരീകരിക്കുമ്പോൾ അസ്സൽ ബാങ്ക് ഗ്യാരണ്ടി / സോൾവൻസി ഹാജരാക്കണം.

എ-3. കംഫർട്ട് സ്റ്റേഷൻ

ടെൻഡറിനോടൊപ്പം സ്വന്തം പേരിൽ 15,00,000 (പതിനഞ്ച് ലക്ഷം) രൂപയിൽ കുറയാത്ത തുകയ്ക്ക് സോൾവൻസി / ബാങ്ക് ഗ്യാരണ്ടിയും അതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും, ടിയാന്റെ സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് / ഇലക്ഷൻ ഐഡന്റിറ്റി കാർഡും അടക്കം ചെയ്തിരിക്കണം. ടെന്റർ സ്ഥിരീകരിക്കുമ്പോൾ അസ്സൽ ബാങ്ക് ഗ്യാരണ്ടി / സോൾവൻസി ഹാജരാക്കണം.

എ-4. ഷെൽട്ടർ പിരിവ് - ഒഴിവാക്കി

ബി-1. ചെണ്ടമേളം - ഫീസ് പിരിവ്

ടെന്റർ സ്ഥിരപ്പെടുത്തി അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് 75 ശതമാനം തുക അടയ്ക്കേണ്ടതും ബാക്കിതുക 2024 നവംബർ 30-ന് മുൻപായി അടച്ചു തീർക്കേണ്ടതുമാണ്.

ബി-2, ബി-3, ബി-6/1, ബി-6/2 എന്നീ ഇനങ്ങൾക്ക് ടെന്റർ തുക ഒന്നാകെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ടെന്ററുകാരൻ ടെന്ററിനോടൊപ്പം കരാർതുകയുടെ 75 ശതമാനം തുകയും സെക്യൂരിറ്റി നിക്ഷേപവും അടക്കം ചെയ്തിരിക്കണം, ടെന്ററിൽ പങ്കെടുക്കുന്നവർ സെക്യൂരിറ്റി വച്ച് പേര് ചേർക്കേണ്ടതും, പ്ലോട്ടുകളുടെ ടെന്റർ അവസാനിക്കുമ്പോൾ കരാറുതുക അഞ്ച് ലക്ഷം രൂപവരെയുള്ളത് ഒന്നായും, അഞ്ച് ലക്ഷം രൂപയ്ക്കു മുകളിൽ വരുന്നതായാൽ മുഴുവൻ തുകയുടെ 75 ശതമാനമോ അഞ്ചു ലക്ഷം രൂപയോ ഏതാണോ കൂടുതൽ വരുന്നത് ആയത് അപ്പോൾ തന്നെ (സെക്യൂരിറ്റി തുകയ്ക്കു പുറമെ) അടയ്ക്കേണ്ടതും ബാക്കി ലേലത്തുക 2024 നവംബർ 30 ന് (1200 വൃശ്ചികം 14 ന്) മുൻപ് അടച്ചു തീർക്കേണ്ടതുമാണ്.

ഇ-ടെന്ററിൽ ആൾ ഏർപ്പെടാതിരിക്കുന്ന ഇനങ്ങൾക്ക് പരസ്യലേലം നടത്തുന്ന പക്ഷം ലേലത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡ് അസ്സലും ആയതിന്റെ ഒരു ഫോട്ടോകോപ്പിയും നിരതദ്രവ്യത്തോടൊപ്പം ഹാജരാക്കി ലേലത്തിൽ നേരിട്ട് പങ്കെടുക്കേണ്ടതാണ്. മറ്റാളുകളുടെ പേരിൽ ലേലം കൊള്ളുവാൻ അനുവദിക്കുന്നതല്ല. തിരിച്ചറിയൽ രേഖ ഹാജരാക്കി നിരതദ്രവ്യം കെട്ടാത്തവരെ ലേലം നടക്കുമ്പോൾ ലേലഹാളിൽ പ്രവേശിപ്പിക്കുന്നതല്ല.

N.B. - ടെന്റർ പരസ്യത്തിലും നിബന്ധനകളിലും ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് ദേവസ്വം ഡിപ്പാർട്ട്മെന്റിന് പൂർണ്ണമായ അധികാരം ഉണ്ടായിരിക്കുന്നതാണ്.

| | |
|---|---|
| ടെണ്ടറുകൾ സ്വീകരിക്കുന്നത് ആരംഭിക്കുന്ന തീയതി / സമയം | |
| ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതി / സമയം | |
| ടെണ്ടർ പരിശോധന ആരംഭിക്കുന്ന തീയതി / സമയം | |

ആർ.ഒ.സി. നമ്പർ : 176/2024/ EMLY/ LELAM

പത്തനംതിട്ട തീയതി : - -2024

(ഒപ്പ്)

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ

May be approved

16/10/24

Devaswom Commissioner

Approved

Secretary

സ്വാമിശരണം

## 1200-മാണ്ട്(2024-25) മണ്ഡലം-മകരവിളക്ക് അടിയന്തിരത്തോടനുബന്ധിച്ച് മുണ്ടക്കയം ഗ്രൂപ്പിൽപ്പെട്ട എരുമേലി ദേവസ്വത്തിലെ കീഴ്പതിവുള്ള കുത്തകകൾക്കുള്ള ഷെഡ്യൂൾ

| നമ്പർ | ഇനവിവരം | കരാർകാലാവധി | മിനിമം കരാർ തുക | EMD | സെക്യൂരിറ്റി നിക്ഷേപം |
|---|---|---|---|---|---|
| മേജർ ഐറ്റങ്ങൾ | | | | | |
| A1 | **നാളികേര കുത്തക**<br>എരുമേലി, പേട്ട ദേവസ്വങ്ങളിലും, ഭഗവതിനട, കോട്ടപ്പടി ആസ്ഥാനം, തലപ്പാറമല മുതലായ സ്ഥലങ്ങളിലും അയ്യപ്പഭക്തന്മാർ ഉടയ്ക്കുന്നതും ഉരുട്ടുന്നതുമായ നാളികേരം ശേഖരിക്കുന്നതിനും, നാളികേരകൂടിന് സമീപം വച്ച് നാളികേരം വിൽക്കുന്നതിനുമുള്ള അവകാശം. | 1200 ME തുലാം 25 മുതൽ മകരം 5 വരെയും (2024-2025 മണ്ഡലം മകരവിളക്ക്) 2025 ഏപ്രിൽ 1 മുതൽ 20 വരെയും (മേട വിഷു) 1200 തുലാ മാസം വരെയുള്ള മറ്റുമാസങ്ങളിൽ ശബരിമല മാസപൂജകൾക്കും നടതുറന്നിരിക്കുന്ന മറ്റു ദിവസങ്ങളിലും | 53,55,000.00 | 5,35,500.00 | 2,00,000.00 |
| A2 | **പാർക്കിംഗ് -**<br>എരുമേലി ദേവസ്വം വസ്തുവിലും ദേവസ്വം ബോർഡ് ഹൈസ്കൂൾ കോമ്പൗണ്ടിലും അംഗീകൃത പ്ലാനിൽ പാർക്കിംഗിനായി പ്രത്യേകം അടയാളം ചെയ്ത സ്ഥലങ്ങളിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽ നിന്നും യഥാക്രമം ഇരുചക്രവാഹനങ്ങൾ 10 രൂപ, ഓട്ടോറിക്ഷാ 20 രൂപ കാർ 30 രൂപ, ജീപ്പ്, റ്റാറ്റാ സുമോ, ക്വാളീസ്, ഇന്നോവ എട്ട് സീറ്റ് വരെ 40 രൂപ വാൻ (14 സീറ്റ് വരെ) 50 രൂപ, മിനി ബസ് 25 സീറ്റ് വരെ 75 രൂപ, ബസ് രൂപ 100 ക്രമം ഫീസ് പിരിക്കുന്നതിനുള്ള അവകാശം | 1200 ME തുലാം 25 മുതൽ മകരം 5 വരെയും (2024-2025 മണ്ഡലം മകരവിളക്ക്) 2025 ഏപ്രിൽ 1 മുതൽ 20 വരെയും (മേട വിഷു) 1200 തുലാ മാസം വരെയുള്ള മറ്റുമാസങ്ങളിൽ ശബരിമല മാസപൂജകൾക്കും നടതുറന്നിരിക്കുന്ന മറ്റു ദിവസങ്ങളിലും | 47,96,285.00 | 4,79,628.50 | 1,00,000.00 |
| A3 | **കംഫർട്ടു സ്റ്റേഷനുകളിൽ നിന്നു ഫീസ് പിരിക്കുന്നതിനുള്ള അവകാശം**<br>എരുമേലി ദേവസ്വം ആലമ്പള്ളി കോമ്പൗണ്ടിലും ഹൈസ്കൂൾ കോമ്പൗണ്ടിലും ഹൈസ്കൂൾ സ്റ്റേഡിയം കോമ്പൗണ്ടിലുമുള്ള കക്കൂസ്, കുളിമുറി, ക്ലോക്ക് റൂം മുതലായവകളിൽ ആളൊന്നിന് കക്കൂസ് 5 രൂപാ, കുളിമുറി 10 രൂപ ക്രമവും, ക്ലോക്ക് റൂം 15 രൂപ ക്രമവും ഫീസ് പിരിക്കുന്നതിനുള്ള അവകാശം | 1200 ME തുലാം 25 മുതൽ മകരം 5 വരെയും (2024-2025 മണ്ഡലം മകരവിളക്ക്) ഫീസ് പിരിക്കുന്നതിന്. | | | |
| A3-1 | ആലമ്പള്ളി കോമ്പൗണ്ടിലുള്ള 100 മുറി കക്കൂസുകളുടെ ഒരു ബ്ലോക്ക്. | 1200 ME തുലാം 25 മുതൽ (10.11.2024 മുതൽ 09.11.2025 വരെയുള്ള 365 ദിവസം) 1201 തുലാം 24 വരെയുള്ള ഒരു വർഷക്കാലത്തേയ്ക്ക് ഫീസ് പിരിക്കുന്നതിന്. | 49,88,037.00 | 4,98,803.70 | 50,000.00 |

| നമ്പർ | ഇനവിവരം | കരാർകാലാവധി | മിനിമം കരാർ തുക | EMD | സെക്യൂരിറ്റി നിക്ഷേപം |
|---|---|---|---|---|---|
| A3-2 | നന്ദാവനം ടോയ്‌ലറ്റ് ബ്ലോക്ക് കീഴ്പതിവുള്ള 40 കക്കൂസുകൾ. കിഫ്ബി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബ്ലോക്കുകൾ പൊളിച്ചിരിക്കുന്നതിനാൽ **1200 ME യിലെ ലേലത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.** | Avoided | | | |
| A3-3 | സ്കൂൾസ്റ്റേഡിയത്തിലുള്ള 100 കക്കൂസുകളും, 100 കുളിമുറികളുമടങ്ങിയ ഒരു ബ്ലോക്കും | 1200 ME തുലാം 25 മുതൽ മകരം 5 വരെയും (2024-2025 മണ്ഡലം മകരവിളക്ക്) ഫീസ് പിരിക്കുന്നതിന്. | 23,12,099.00 | 2,31,210.00 | 50,000.00 |
| A3-3A | ഡി.ബി.എച്ച്.എസ്. കോമ്പൗണ്ടിലെ പുതിയതായി നിർമ്മിച്ച 28 കക്കൂസുകളും 14 കുളിമുറികളുമടങ്ങിയ ഒരു ബ്ലോക്ക് (ഇതിലേയ്ക്ക് ആവശ്യമായി വരുന്ന വെള്ളം കുത്തകക്കാരുടെ സ്വന്തം ചെലവിൽ കൊണ്ടുവന്ന് ഉപയോഗിക്കേണ്ടതാണ്.) ഇതിൽ 5 കക്കൂസും, 5 കുളിമുറിയും സ്പെഷ്യൽ ഡ്യൂട്ടി സ്റ്റാഫിന് വേണ്ടി ഒഴിച്ചിട്ടിരിക്കുന്നു. | | 9,50,250.00 | 9,50,25.00 | 30,000.00 |
| A3-4 | പോലീസ് ഡിപ്പാർട്ട്മെന്റ് നിർദ്ദേശിക്കുന്ന സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള 3 താത്ക്കാലിക ക്ലോക്ക് റൂമുകൾ ഉപയോഗിക്കുന്നവരിൽ നിന്നും 25 രൂപാ ക്രമം ഫീസ് പിരിക്കുന്നതിന്. | 1200 ME തുലാം 25 മുതൽ മകരം 5 വരെ മാത്രം | 24,675.00 | 2,467.50 | 10,000.00 |
| A4 | **ഷെൽട്ടർ പിരിവ് - കിഫ്ബി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബ്ലോക്കുകൾ പൊളിച്ചിരിക്കുന്നതിനാൽ1200 ME യിലെ ലേലത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.** | Avoided | | | |
| A4 1 | പോലീസ് എയ്ഡ് പോസ്റ്റിന് തെക്കുവശം മുമ്പ് ലേലം ചെയ്തു നൽകിയിരുന്ന B4/32, B4/33, B4/34, B4/35, നമ്പർ പ്ലോട്ടുകൾ ഉൾപ്പെടുന്ന സ്ഥലത്ത് വിരി വയ്ക്കുന്ന അയ്യപ്പഭക്തരിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം | | 2,79,300.00 | 2,79,30.00 | 30,000.00 |
| B | **മൈനർ ഐറ്റങ്ങൾ** | | | | |
| B1 | ചെണ്ടമേളം ഫീസ് പിരിവ് | Avoided | | | |
| | എരുമേലി ദേവസ്വത്തിൽ പേട്ട തുള്ളിയെത്തുന്ന അയ്യപ്പ ഭക്തന്മാരുടെ അകമ്പടി മേളത്തിന് മേളക്കാരിൽ നിന്നും ഒരു തവണക്ക് 50 രൂപ ക്രമം ഫീസ് പിരിക്കുന്നതിനുള്ള അവകാശം. മേളക്കാർ അകമ്പടിമേളത്തിന് ഒരു വാദ്യത്തിന് 250 രൂപാ മാത്രമേ സ്വാമിഭക്തരിൽ നിന്നും ഈടാക്കുവാൻ പാടുള്ളു. | 1200 ME മണ്ഡലം മകരവിളക്കു മാസപൂജ, മേടവിഷു തുടങ്ങി ശബരിമല നട തുറന്നിരിക്കുന്ന 1201 ME തുലാമാസം പൂജ വരെയുള്ള ദിവസങ്ങളിലും | 43,68,117.00 | 43,68,11.70 | 30,000.00 |
| B3 | പേട്ടക്കമ്പ്, തൂപ്പ്, പച്ചക്കറി | | | | |
| | എരുമേലി ദേവസ്വത്തിൽ പേട്ട തുള്ളിയെത്തുന്ന അയ്യപ്പഭക്തന്മാർ ഉപേക്ഷിച്ചുപോകുന്ന പേട്ടക്കമ്പ്, തൂപ്പ്, പച്ചക്കറി മുതലായവ ശേഖരിച്ചുകൊണ്ടു പോകുന്നതിനുള്ള അവകാശം. | 1200 ME തുലാം 25 മുതൽ മകരം 5 വരെ മാത്രം | 1,38,390.00 | 1,38,39.00 | 10,000.00 |
| B4 | പ്ലോട്ടുകളുടെ ടെൻഡർ | | | | |
| | എരുമേലി ദേവസ്വം ആഫീസിൽ സൂക്ഷിച്ചിട്ടുള്ള 1200 ME-യിലെ അംഗീകൃത പ്ലാനിൽ മാർക്ക് ചെയ്തിട്ടുള്ള വിവിധ ഇനം പ്ലോട്ടുകളിൽ താത്കാലിക കടകൾ കെട്ടി കച്ചവടം നടത്തുന്നതിനുള്ള അവകാശം. | 1200 ME തുലാം 25 മുതൽ 1200 ME മേടം 5 വരെ മാത്രം | | | |
| | 3. PlotNo. 3 O. S. 6 x 6 Mtr | | 9,99,495.00 | 99,949.50 | 10,000.00 |

| ഇനവിവരം | | | | | കരാർകാലാവധി | മിനിമം കരാർ തുക | EMD | സെക്യൂരിറ്റി നിക്ഷേപം |
|---|---|---|---|---|---|---|---|---|
| 4. | PlotNo. 4 | O. S. | 8 x 4 Mtr | | 1200 ME മണ്ഡലം മകരവിളക്കു | 7,10,597.00 | 71,059.70 | 10,000.00 |
| 5. | PlotNo. 5 | P. S. | 8 x 5 Mtr | | കാലത്ത് മാത്രം | 9,55,499.00 | 95,549.90 | 10,000.00 |
| 6. | Plot No. 6 | O. S. | 8 x 4 Mtr | | -Do- | 4,79,535.00 | 47,953.50 | 10,000.00 |
| 7. | Plot No. 7 | O. S. | 8 x 4 | | -Do- | 3,31,233.00 | 33,123.30 | 10,000.00 |
| 8. | Plot No. 8 | O. S. | 8 x 4 | | -Do- | 3,71,490.00 | 37,149.00 | 10,000.00 |
| 9. | Plot No. 9 | O. S. | 7 x 4 | | -Do- | 8,27,178.00 | 82,717.80 | 10,000.00 |
| **10.** | **Plot No. 10** | | | **AVOIDED** | -Do- | | | |
| 11. | Plot No. 11 | P.S. | 5 x 14, 4 x 7 | | -Do- | 7,25,667.00 | 72,566.70 | 10,000.00 |
| **12.** | **Plot No. 12** | | | **AVOIDED** | NIL | | | |
| 14. | Plot No. 14 | O. S. | 4 x 3 | | 1200 ME മണ്ഡലം മകരവിളക്കു കാലത്തു മാത്രം | 5,59,409.00 | 55,940.90 | 10,000.00 |
| 15. | Plot No. 15 | O. S. | 4 x 3 | | -Do- | 10,10,993.00 | 1,01,099.30 | 10,000.00 |
| 16. | Plot No. 16 | O. S. | 5 x 5 | | AVOIDED | | | |
| 17. | Plot No. 17 | O. S. | 5 x 5 | **കിഫ്ബിയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള മെറ്റീരി** | AVOIDED | | | |
| 18. | Plot No. 18 | O. S. | 5 x 5 | **യൽസ് സൂക്ഷിച്ചിരിക്കുന്നതിനാൽ 1200 ME യിലെ** | AVOIDED | | | |
| 19. | Plot No. 19 | O. S. | 5 x 5 | **കുത്തക ലേലത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.** | AVOIDED | | | |
| **20.** | **Plot No. 20** | O. S. | 3 x 3 | | AVOIDED | | | |
| 21. | Plot No. 21 | P. S. | 8 x 8 | | 1200 ME മണ്ഡലം മകരവിളക്കു കാലത്തു മാത്രം | 3,40,032.00 | 34,003.20 | 10,000.00 |
| 25. | Plot No. 25 | O.S. | 3 x 14 | **A4/1 വിരിയിലേയ്ക്കുള്ള കവാടമാകയാൽ ലേലത്തിൽ** | AVOIDED | | | |
| | | | | **നിന്നും ഒഴിവാക്കിയിരിക്കുന്നു.** | | | | |
| 27. | Plot No. 27 | Hotel | 9 x 14 | | 1200 ME മണ്ഡലം മകരവിളക്കു കാലത്തു മാത്രം | 4,56,166.00 | 45,616.60 | 10,000.00 |
| 28. | Plot No. 28 | O.S. | 3 x 14 | | -Do- | 1,75,337.00 | 17,533.70 | 10,000.00 |
| 30. | Plot No. 30 | P.S. | 9 x 8.5 | | Reserved for Police | | | |
| 31. | Plot No. 31 | O.S. | 3 x 8.5 | | Reserved for Police | | | |
| 32. | Plot No. 32 | Hotel | 9 x 8.5 | | Reserved for VIRI | | | |
| 33. | Plot No. 33 | O.S. | 10 x 8.5 | | Reserved for VIRI | | | |
| 34. | Plot No. 34 | Hotel | 13 x 8.5 | | Reserved for VIRI | | | |
| 35. | Plot No. 35 | O.S. | 9 x 8.5 | | Reserved for VIRI | | | |
| 40. | Plot No. 40 | O.S. | 7 x 7 | | 1200 ME മണ്ഡലം മകരവിളക്കു കാലത്തു മാത്രം | 2,24,858.00 | 22,485.80 | 10,000.00 |
| 41. | Plot No. 41 | O.S. | 7 x 6 | | -Do- | 2,17,697.00 | 21,769.70 | 10,000.00 |

| നമ്പർ | ഇനവിവരം | കരാർകാലാവധി | മിനിമം കരാർ തുക | EMD | സെക്യൂരിറ്റി നിക്ഷേപം |
|---|---|---|---|---|---|
| | 42. Plot No. 42 O.S. 7 x 5 | -Do- | 2,27,850.00 | 22,785.00 | 10,000.00 |
| | 43. Plot No. 43 O.S. 7 x 4.50 (AV) | -Do- | 1,75,350.00 | 17,535.00 | 10,000.00 |
| | 47. Plot No. 47 O.S. 7.90 x 3.50(AV) | -Do- | 2,17,337.00 | 21,733.70 | 10,000.00 |
| | 48. Plot No. 48 O.S. 8 x 2 | -Do- | 4,33,335.00 | 43,333.50 | 10,000.00 |
| | **51. Plot No. 51** ] **AVOIDED - AYYAPPA SEVA SAMAJAM** | -Do- | | | |
| | 52. Plot No. 52 O.S. 5 x 5 | -Do- | 5,01,585.00 | 50,158.50 | 10,000.00 |
| | **53. Plot No. 53** **AVOIDED** | -Do- | | | |
| | 54. Plot No. 54 O.S. 5 x 5 | NIL | 4,40,999.00 | 44,099.90 | 10,000.00 |
| | 55. Plot No. 55 O.S. 5 x 4 **AVOIDED** | | | | |
| **B5** | പേട്ട ദേവസ്വം പ്ലോട്ട് നമ്പർ 1, 2, 3 | | | | |
| | B5/3. Plot No 03 O.S. 7 x 5 ടി. പ്ലോട്ടുകളിൽ ഹോട്ടലുകൾ അനുവദിക്കുന്നതല്ല. 1200 ME മണ്ഡലം മകരവിളക്കു കാലത്തുമാത്രം താത്കാലിക കടകെട്ടി കച്ചവടം നടത്തുന്നതിനുള്ള അവകാശം | 1200 ME മണ്ഡലം മകരവിളക്കു കാലത്തു മാത്രം | 3,55,583.00 | 35,558.30 | 10,000.00 |
| **B6** | ആലമ്പള്ളി ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| | B6/1 1-ാം നമ്പർ കടമുറി | -Do- | 3,83,942.00 | 38,394.20 | 10,000.00 |
| | B6/2 2, 3 നമ്പറിലുള്ള ഡബിൾ റൂം | -Do- | 6,89,492.00 | 68,949.20 | 10,000.00 |
| **B7** | B7/1 പൊട്ട്കുത്ത് - B ക്ഷേത്രത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള ചെറിയ നടപ്പന്തൽ | -Do- | 20,000.00 | 2,000.00 | 2,000.00 |

NB: കുത്തകക്കാർ അയ്ക്കുന്ന **EMD** തുക കുത്തകത്തുക മുഴുവൻ അടച്ചുതീരുന്ന മുറയ്ക്കും സെക്യൂരിറ്റി തുക കുത്തകയുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്കും മാത്രം തിരികെ നൽകുന്നതാണ്. ഇതിന് റീഫണ്ട് വൗച്ചർ ഒപ്പിട്ട് ഹാജരാക്കേണ്ടതാണ്.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ ആഫീസ്
പത്തനംതിട്ട
ROC. No.: 24/emly

(ഒപ്പ്)
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
പത്തനംതിട്ട

May be approved
16/1/24
Devaswom Commissioner

Approved
Secretary, TDB